**<u>കോവിഡ് ധനസഹായം. - ജൂലൈ 25 നകം രേഖകൾ / ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കണം</u>**

കോവിഡ് ധനസഹായത്തിന് ലഭിച്ച 1,75,000 അപേക്ഷകരിൽ അർഹരായവരായി കണ്ടെത്തിയ 1,28,799 പേർക്ക് ഇതിനോടകം തുക വിതരണം ചെയ്തിട്ടുണ്ട്. ലോക്ക്ഡൌൺ കാരണം നാട്ടിൽ കുടുങ്ങിപ്പോയ വിദേശ മലയാളികൾക്ക് 2020 ഏപ്രിലിൽ സർക്കാർ പ്രഖ്യാപിച്ച അടിയന്തര ധനസഹായത്തിന് ഓൺലൈൻ മുഖേന അപേക്ഷിച്ച് മതിയായ രേഖകൾ ഇനിയും ഹാജരാക്കിയിട്ടില്ലാത്ത അപേക്ഷകർക്ക് ജൂലൈ **25** വരെ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാവുന്നതാണ്.

തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട,ആലപ്പുഴ ജില്ലയിലെ അപേക്ഷകർ നോർക്ക റൂട്ട്സ് ഹെഡ്ഓഫീസിലും(0471-2770544) കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലയിലെ അപേക്ഷകർ എറണാകുളം നോർക്ക റൂട്ട്സ് ഓഫീസിലും (0484-2371830) മലപ്പുറം,കോഴിക്കോട്,കണ്ണൂർ,കാസർഗോഡ് ജില്ലയിലെ അപേക്ഷകർ നോർക്ക റൂട്ട്സ് കോഴിക്കോട് ഓഫീസിലും (0495-2304882) അനുബന്ധ രേഖകൾ ജൂലൈ 25-നകം ഹാജരാക്കേണ്ടതാണ്. ജൂലൈ 25-നു ശേഷം ഹാജരാക്കുന്ന രേഖകൾ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.

NRI അക്കൗണ്ടോ ആക്റ്റീവ് ആയ സേവിങ്സ് അക്കൗണ്ടോ സമർപ്പിക്കാത്തവർക്കു ധനസഹായം കൈമാറാൻ സാധിച്ചിട്ടില്ല ( പ്രസ്തുത അപേക്ഷകരുടെ വിവരങ്ങൾക്ക് - ക്ലിക്ക് ചെയ്യുക ). ഇത്തരത്തിൽ **NRI** അക്കൗണ്ടോ സേവിങ്സ് അക്കൗണ്ടോ സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകർ, തങ്ങളുടെ സേവിങ്സ് പാസ്സ്ബുക്കിൻറെ പകർപ്പും ഓൺലൈൻ അപേക്ഷ വിവരങ്ങളും **(അപേക്ഷ നമ്പരും, ഫോൺ നമ്പരും)** നോർക്ക റൂട്ട്സ്, നോർക്ക സെൻറർ, തൈക്കാട് പി.ഒ തിരുവനന്തപുരം എന്ന വിലാസത്തിലേയ്ക്ക് ജൂലൈ **25** നകം അയച്ചു തരേണ്ടതാണ്.. ജൂലൈ 25 നു ശേഷം ലഭിക്കുന്ന ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. അപേക്ഷയുടെ വിവരങ്ങളറിയാൻ : CHECK APPLICATION STATUS (Click here..)